# M.J.S.S.A. വാർഷിക പരീക്ഷ 2018

**Class XI Reg.No. ..................... Marks -100**

**Signature. ....................... Time 2.30 Hrs.**

**ഉത്തരം എഴുതുക.** 10x1 = 10

1. 'രഹസ്യം' എന്ന് താക്കോൽ വാക്ക് ഏതു കൂദാശയെ സംബന്ധിച്ചുള്ള താണ് ?
2. മാമ്മോദീസാ എന്ന വാക്കിന്റെ ഉത്ഭവം ഏതു സുറിയാനി വാക്കിൽ നിന്നാണ് ?
3. വി.ഐറേനിയോസ് ആരുടെ ശിഷ്യൻ ആയിരുന്നു ?
4. വി.മൂറോൻ എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം എന്ത് ?
5. ക്രൈസ്തവ മതത്തിന്റെ അടിസ്ഥാന പ്രമാണം ?
6. ആരുടെ കാലത്താണ് എഴുത്തു ഭാഷ അതിന്റെ ബാല്യകാലത്തിൽ എത്തുന്നത് ?
7. വി.കൂർബ്ബാന സ്ഥാപനത്തിന്റെ ഏറ്റവും പഴക്കമുള്ള വിവരണം വി.പൗലോസ് ശ്ലീഹ രേഖപ്പെടുത്തിയിട്ടുള്ള ലേഖനം ?
8. 'നമ്മുടെ ജീവിതം നാം വി.കുർബ്ബാനയിൽ നിന്ന് വേർപെടുത്തരുത്' എന്ന് പറഞ്ഞതാര് ?
9. ഉയിർപ്പിന്റെ ദിവസം എമ്മവൂസിലേക്ക് പോയവരിൽ യേശുവിന്റെ ചോദ്യത്തിനു ഉത്തരം പറഞ്ഞ ശിഷ്യൻ ?
10. വെളിപ്പാടു പുസ്തകത്തിൽ വി.യോഹന്നാൻ പരാമർശിക്കുന്ന 'കർത്തൃദിവസം' ഏത് ?

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** 10x2 = 20

11. ക്രിസ്തീയ സഭയിൽ നിലനിൽക്കുന്ന രണ്ടു തരം സ്നാനങ്ങളേവ ?
12. സ്വഭാവത്തെ അടിസ്ഥാനമാക്കി, മൂല്യത്തെ മൂന്നായി തിരിച്ചിരിക്കുന്നു. ഏവ ?
13. മാമ്മോദീസാ മുഴുകലിന് ശേഷം സ്നാനാർത്ഥിയെ വെള്ള വസ്ത്രം ധരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ?
14. പുറപ്പാടിന്റെ പൂർത്തീകരണമായി ചില പിതാക്കന്മാർ മാമ്മോദീസായെ കാണുന്നതെങ്ങനെ ?
15. ക്ലിസ്മായിലെ മോർ ഔഗേന്റെ (എ.ഡി. 363) പ്രധാന ജോലി എന്തായിരുന്നു?
16. ദൈവവചനത്തിന്റെ ശരിയായ ആഗീകരണം നടന്നത് സുറിയാനി സഭയിലാണ് ?
17. പ്രാർത്ഥനയ്ക്കും ശുശ്രൂഷകൾക്കുമുള്ള പ്രാധാന്യത്തേക്കാൾ വി.കൂദാശ, പ്രത്യേകിച്ച് വി. കുർബ്ബാനയ്ക്ക്, വി. സഭ അതിശ്രേഷ്ഠത കല്പിക്കുന്നു. കാരണം?
18. വിശുദ്ധഗ്രന്ഥത്തിന്റെ രൂപീകരണത്തിൽ ഉൾപ്പെട്ട നാലു പാരമ്പര്യങ്ങൾ?
19. 'ഹേവോറെ നാളുകൾ' എന്നാൽ എന്ത് ?

*മറുപുറം*



20. മാമ്മോദീസായിൽ, സ്നാനമേല്ക്കുന്ന കുഞ്ഞിന് പുതിയ പേര് നൽകുന്നതിന്റെ പ്രസക്തി ?

**ബൈബിൾ റഫറൻസ് സഹിതം ആശയം വിശദീകരിക്കുക** 5x3 = 15

21. "എന്തെന്നാൽ അയോഗ്യമായി ഇതിൽ നിന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നവൻ, കർത്താവിന്റെ ശരീരത്തെ വിവേചിക്കായ്ക കൊണ്ട്, തനിക്കു തന്നെ ശിക്ഷാവിധി തിന്നുകയും കുടിക്കുകയുമത്രേ ചെയ്യുന്നത്. "
22. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെടും "
23. "അവർ രണ്ടല്ല; ഏക ശരീരമത്രെ, തന്മൂലം ദൈവം സംയോജിപ്പിച്ചത്, മനുഷ്യൻ വേർപിരിക്കരുത്."
24. "ദരിദ്രനായി അവരിൽ ആരും ഉണ്ടായിരുന്നില്ല."
25. "അവന്റെ മൂക്കിൽ നിന്നും പുക പൊങ്ങി; അവന്റെ വായിൽ നിന്നും തീ പുറപ്പെട്ടു ദഹിപ്പിച്ചു."

**ലഘു ഉപന്യാസം എഴുതുക** (ഒരു പേജിൽ കവിയാതെ) 3x5 = 15

26. ഞായറാഴ്ച ദിവസം വി. കുർബ്ബാനയർപ്പണത്തിന് മാറ്റിവച്ചിരിക്കുന്നു - പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.
27. വി.ഗ്രന്ഥത്തിന്റെ പരിഭാഷകളും, അതിൽ ഉണ്ടായിട്ടുള്ള ബോധപൂർവ്വമായ കൈകടത്തലുകളും വ്യക്തമാക്കുക.
28. ഇന്നത്തെ ക്രൈസ്തവ കുടുംബം നേരിടുന്ന വെല്ലുവിളികൾ, പാഠഭാഗത്തിന് ഊന്നൽ കൊടുത്തുകൊണ്ട് വിശദമാക്കുക.

**ഉപന്യസിക്കുക** (മൂന്നു പേജിൽ കവിയരുത്) 12

29. വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ നമുക്കു സംഭവിക്കുന്ന ആറ് കാര്യങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

വി.വേദപുസ്തകത്തിലെ '14 സ്നാനങ്ങളിൽ ഒരിടത്തു പോലും സ്നാനാർത്ഥി, വെള്ളത്തിൽ പൂർണ്ണമായും മുങ്ങി സ്നാനപ്പെട്ടുവെന്ന് പറഞ്ഞിട്ടില്ല' - വ്യക്തമാക്കുക.

30. ക്രിസ്ത്യൻ മൂല്യങ്ങളെകുറിച്ച് ബൈബിൾ കാഴ്ചപ്പാട് വിശദീകരിക്കുക

**അല്ലെങ്കിൽ** 12

കൊലോസ്യ ലേഖനം ഒന്നാം അദ്ധ്യായത്തിലെ 29 വാക്യങ്ങളിലൂടെ വി.പൗലോസ് വ്യക്തമാക്കുന്ന ആശയം വിശദീകരിക്കുക.

**ഗീതം പൂരിപ്പിക്കുക** 6

31. ഉത്തമയൗസേപ്പിൻ ............... ദൈവത്തോടായവർ പ്രാർത്ഥിക്കും.

**പ്രാർത്ഥന പൂർത്തിയാക്കുക** 10

32. എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു............
....................................... ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.